compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഓഗസ്റ്റ് 25
Tuesday, 25th August 2026

1202 ചിങ്ങം 9
9th Chingam 1202

1948 ഭാദ്രം 3
3rd Bhadra 1948

വാല്യം 15
Vol. XV

നമ്പർ / **No.** **34**

Part III

Survey and Land Records

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1961 ലെ കേരള സർവെയും അതിരടയാളവും ആക്ട് 9 (2) പ്രകാരം പരസ്യപ്പെടുത്തുന്ന നോട്ടീസ്.

ADTSR/04/2026-C2 **18.08.2026**

1961 ലെ കേരള സർവെ അതിരടയാളം ആക്ട് 6ാം വകുപ്പ് 1ാം ഉപ വകുപ്പ് പ്രകാരം സർവെയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സർവെ (റെയ്ഞ്ച്), തൃശ്ശൂർ **03.02.2026** ൽ പ്രസിദ്ധപ്പെടുത്തിയ കേരള ഗസറ്റിലെ **(ADTSR/04/2026-C2 dated 2.02.2026)** ക്രമ നമ്പർ **2** -ൽ പറയുന്ന ചാവക്കാട് താലൂക്ക് പുന്നയൂർ വില്ലേജിലെ സർവെ നമ്പറുകൾ **1,3,14,15,23,24,31,32,47,50,51,64,65,66** എന്നിവയ്ക്ക് പടിഞ്ഞാറ് ഭാഗവും അറബികടലിന്റെ കിഴക്കുമായി സ്ഥിതി ചെയ്യുന്ന കഡസ്ട്രൽ സർവെയ്ക്ക് പുറത്തു വരുന്ന പ്രദേശം കേരള സർവെയും അതിരടയാളവും ആക്ട് **9 (1)** പ്രകാരം **62.8280** ഹെക്ടർ ഭൂമിയുടെ സർവെ റിക്കാർഡുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവെ റിക്കാർഡുകൾ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം സർവെ ആന്റ് ലാൻഡ് റെക്കോർഡ്സ് (റെയ്ഞ്ച്), തൃശ്ശൂർ ഷൊർണ്ണൂർ റോഡ്, പി.ഒ.തിരുവമ്പാടി എന്ന സ്ഥലത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സർവെ റിക്കാഡുകളിന്മേൽ ആക്ഷേപമുള്ള പക്ഷം ഈ പരസ്യം പ്രസിദ്ധപ്പെടുത്തി **30** ദിവസത്തിനകം തൃശ്ശൂർ സർവെ (റെയ്ഞ്ച്), അസിസ്റ്റന്റ് ഡയറക്ടർ മുമ്പാകെ ഫോറം. **160** ൽ അപ്പീൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനകം അപ്പീൽ സമർപ്പിക്കാത്ത പക്ഷം സർവെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉടമസ്ഥരുടെ പേരു വിവരം, അതിരുകൾ, വിസ്തീർണ്ണം എന്നിവ കുറ്റമറ്റതായി പ്രഖ്യാപിച്ച് സർവെ അതിരടയാള നിയമം **13**-ാം വകുപ്പ് അനുസരിച്ചുള്ള ഫൈനൽ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തി റിക്കാർഡുകൾ അന്തിമമാക്കുന്നതാണ്. സർവെ സമയത്ത് തർക്കം ഉന്നയിച്ച് സർവെ അതിരടയാള നിയമം **10**-ാം വകുപ്പ് **2**-ാം ഉപവകുപ്പ് പ്രകാരം തീരുമാനം അറിയിച്ചിട്ടുള്ള ഭൂഉടമസ്ഥന്മാർക്ക് ഈ അറിയിപ്പ് ബാധകമായിരിക്കുന്നതല്ല.

വില്ലേജിന്റെ പേര്	വില്ലേജ് നമ്പർ	സർവെ നമ്പർ		റിക്കാർഡുകൾ പരിശോധനയ്ക്കായി വെച്ചിരിക്കുന്ന ഓഫീസ്
പുന്നയൂർ	**87**	**352**	-	അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം സർവെ ആന്റ് ലാൻഡ് റെക്കോർഡ്സ് (റെയ്ഞ്ച്), തൃശ്ശൂർ ഷൊർണ്ണൂർ റോഡ്, പി.ഒ.തിരുവമ്പാടി, പിൻ- **680022**

ഒപ്പ്/-

ഹംസ.പി.എം
ഹെഡ് സർവെയർ
വടക്കാഞ്ചേരി സൂപ്രണ്ട് ഓഫീസ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബി1.536/2022

തീയ്യതി: 17.07.2026

1961 ലെ കേരള സർവ്വെയും അതിരടയാളവും ആക്ട് 9(2) പ്രകാരം പരസ്യപ്പെടുത്തുന്ന നോട്ടീസ്

വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽപ്പെട്ട ചെറുകാട്ടൂർ വില്ലേജിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ സർവ്വെ കേരള സർവ്വെയും അതിരടയാള ആക്ട് 9(1) പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്.ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവ്വെ റിക്കാർഡുകൾ "എന്റെ ഭൂമി" പോർട്ടലിലും ചെറുകാട്ടൂർ വില്ലേജിന്റെ ക്യാമ്പ് ഓഫീസിലും പ്രദർശിപ്പിച്ചിട്ടുണ്ട്.ഭൂവുടമസ്ഥർക്ക് https://entebhoomi.kerala.gov.in പോർട്ടൽ സന്ദർശിച്ച് തങ്ങളുടെ ഭൂമിയുടെ രേഖകൾ ഓൺലൈനായി പരിശോധിക്കാവുന്നതാണ്.കൂടാതെ ക്യാമ്പ് ഓഫീസിൽ സജ്ജീകരിച്ചിട്ടുള്ള സംവിധാനം പ്രയോജനപ്പെടുത്തി പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സർവ്വെ റിക്കാർഡുകളിൻമേൽ ആക്ഷേപമുള്ള പക്ഷം ഈ പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം മാനന്തവാടി റീ-സർവ്വെ സൂപ്രണ്ടിന് ഫോറം 160 ൽ നേരിട്ടോ "എന്റെ ഭൂമി" പോർട്ടലിൽ ഓൺലൈനായോ അപ്പീൽ സമർപ്പിക്കേണ്ടതാണ്.നിശ്ചിത ദിവസത്തിനകം അപ്പീൽ സമർപ്പിക്കാത്ത പക്ഷം റീ-സർവ്വെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉടമസ്ഥരുടെ പേരുവിവരം,അതിരുകൾ,വിസ്തീർണ്ണം എന്നിവ കുറ്റമറ്റതായി പ്രഖ്യാപിച്ച് സർവ്വെ അതിരടയാള നിയമം 13 വകുപ്പ് അനുസരിച്ചുള്ള ഫൈനൽ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തി റിക്കാർഡുകൾ അന്തിമമാക്കുന്നതാണ്.സർവ്വെ സമയത്ത് തർക്കം ഉന്നയിച്ച് സർവ്വെ അതിരടയാള നിയമം 10 ആം വകുപ്പ് 2 ആം ഉപവകുപ്പ് പ്രകാരം തീരുമാനം അറിയിച്ചിട്ടുള്ള ഭൂഉടമസ്ഥർക്ക് ഈ അറിയിപ്പ് ബാധകമായിരിക്കില്ല.

വില്ലേജിന്റെ പേര്	**ബ്ലോക്ക്/സർവ്വെ നമ്പർ**	**ഡിജിറ്റൽ റീ-സർവ്വ ബ്ലോക്ക് നമ്പർ**	**റിക്കാർഡുകൾ പരിശോധനയ്ക്കായി വച്ചിരിക്കുന്ന സ്ഥലം**
ചെറുകാട്ടൂർ	**ബ്ലോക്ക്-56** (സർവെ നമ്പർ-1 മുതൽ 411 വരെ **ബ്ലോക്ക്-57** (സർവെ നമ്പർ-1 മുതൽ 364 വരെ	1മുതൽ 62 വരെ	ഡിജിറ്റൽ സർവ്വെ ക്യാമ്പ് ഓഫീസ്, ചെറുകാട്ടൂർ,

റീ-സർവ്വെ സൂപ്രണ്ടാഫീസ്
മാനന്തവാടി

(ഒപ്പ്)
പ്രബിൻ.സി പവിത്രൻ
ഹെഡ് സർവ്വെയർ

കുറിപ്പ്:"എന്റെ ഭൂമി" പോർട്ടലിൽ ഭൂവിവരങ്ങൾ പരിശോധിക്കുന്ന വിധം-എന്റെ ഭൂമി പോർട്ടലിൽ (http://entebhoomi.kerala.gov.in) ഭൂവുടമയുടെ ഫോൺ നമ്പർ ഉപയോഗിച്ച് യൂസർ രജിസ്റ്റർ ചെയ്യാവുന്നതും,തുടർന്ന് ലഭ്യമാകുന്ന യൂസർ ഐഡിയും പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം തങ്ങളുടെ ഭൂവിവരങ്ങൾ പരിശോധിക്കാവുന്നതാണ്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.24 04:13:47 +05:30